## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ജി.ഹരികുമാർ

വിഷയം : കാട്ടുതീ പ്രതിരോധം - സൈലന്റ് വാലി നാഷണൽ പാർക്ക് അടച്ചിടുന്നത് - സംബന്ധിച്ച്.

സൂചന : ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്), പാലക്കാട്-ന്റെ 15.02.2017-ാം പി.5-761/17 നമ്പർ കത്ത്

**ഉത്തരവ് നമ്പർ ഡബ്ള്യു.എൽ.4-5916/2016 തീയതി. 20.02.2017**

പാലക്കാട് ജില്ലയിൽ വടക്കു കിഴക്കൻ മൺസൂൺ-ന്റെ ലഭ്യതക്കുറവ്മൂലം അനുഭവപ്പെടുന്ന കടുത്ത വേനൽ, കാട്ടുതീ ഉണ്ടാക്കാനുള്ള സാധ്യത കൂട്ടിയിരിക്കുകയാണ് എന്നും സൈലന്റ് വാലി നാഷണൽ പാർക്കിൽ മുക്കാലി മുതൽ സൈരന്ധ്രിവരെയുള്ള റോഡിന്റെ ഇരുഭാഗങ്ങളിലുമുള്ള പുല്ലുകൾ കരിഞ്ഞ അവസ്ഥയിൽ ആണ് എന്നും സൂചനപ്രകാരം ചീഫ് വൈൽഡ്ലൈഫ് (പാലക്കാട്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 21.02.2017 മുതൽ 31.03.2017 വരെ സൈലന്റ് വാലി ദേശീയ ഉദ്യാനം അടച്ചിടണമെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ഫീൽഡ് ഡയറക്ടർ, പാലക്കാട് ആവശ്യപ്പെട്ടിട്ടുണ്ട്. സൈലന്റ് വാലി നാഷണൽ പാർക്കിന്റെ 2012-13 മുതൽ 2021-22 വരെ കാലയളവിലുള്ള അംഗീകരിച്ച മാനേജ്മെന്റ് പ്ലാനിന്റെ ഖണ്ഡിക 6.4.2.2 പ്രകാരം കടുത്ത വേനൽക്കാലത്ത് കാട്ടുതീ ഭീഷണി ഒഴിവാക്കുന്നതിനായി എല്ലാവർഷവും ഈ കാലയളവിൽ സന്ദർശകർക്ക് പ്രവേശനം നൽകാതെ പാർക്ക് അടച്ചിടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിലും ടൂറിസം മേഖലയിലെ മരാമത്ത് പണികൾ പൂർത്തീകരിക്കേണ്ടതിനാലും സൈലന്റ് വാലി ദേശീയ ഉദ്യാനം 2017-ഫെബ്രുവരി 21 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ അടച്ചിടുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) &**
**ചീഫ് വൈൽഡ്ലൈഫ് വാർഡൻ**

21/2/17
ACF(FMIS)

പകർപ്പ്:
1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) പാലക്കാട്
2. വൈൽഡ്ലൈഫ് വാർഡൻ സൈലന്റ് വാലി
3. ഡയറക്ടർ, ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
4. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)

D:\Pinki\Proceedings\WL.4-5916.16.M.1.doc